# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.591** **29.01.2019-ൽ മറുപടിക്ക്**

### വൈദ്യുതി ഉത്പാദനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| (ബി) | പ്രളയം മൂലം വൈദ്യുതി ഉത്പാദനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രളയം മൂലം വൈദ്യുതി ഉത്പാദനത്തിൽ കുറവ് ഉണ്ടായെങ്കിലും ആ സമയത്ത് വൈദ്യുതി ഉപഭോഗത്തിലുണ്ടായ കുറവു കാരണം ഇത് ഒരു പ്രശ്നമായി തീരുകയുണ്ടായില്ല.<br><br>ലോവർ പെരിയാർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട വൈദ്യുത നിലയങ്ങളിൽ എല്ലാം പെട്ടെന്നു തന്നെ ഉത്പാദനം പുനരാരംഭിക്കാൻ സാധിച്ചു. ഏതാനും ചെറുകിട വൈദ്യുത പദ്ധതികളിൽ മാത്രമാണ് ഉത്പാദനം പുനരാരംഭിക്കാൻ കാലതാമസം നേരിട്ടത്. ഇതുമൂലം കാര്യമായ ഉത്പാദന കുറവ് ഉണ്ടായിട്ടില്ല. എന്നാലും പവർ എക്സ്ചെയിഞ്ചിൽ നിന്നും വൈദ്യുതി വാങ്ങി ഉത്പാദനത്തിലുണ്ടായ കുറവ് പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ